**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി കൈമാറ്റ നടപടികളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽശാല പോളിടെക്നിക്കിനായുള്ള ഭൂമി കൈമാറ്റ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇക്കാര്യത്തിലെ തുടർനടപടികൾ എന്തെല്ലാമെന്നും ഭൂമി കൈമാറ്റം എന്ന് സാധ്യമാകുമെന്നും വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ പോളി ടെക്നിക്ക് നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 08.11.2021 ൽ കൂടിയ യോഗ തീരുമാനപ്രകാരം ജില്ല കളക്ടർ സ്ഥലപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് പരിശോധിച്ച് വരുന്നു. |
| (ബി) | തുങ്ങാംപാറ എക്കോ ടൂറിസം പദ്ധതിയ്ക്കായി കുളത്തുമ്മൽ വില്ലേജ് പരിധിയിൽപ്പെട്ട ഭൂമി ഉപയോഗ അനുമതിയ്ക്കായി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ? | (ബി) | തുങ്ങാംപാറ എക്കോ ടൂറിസം പദ്ധതിയ്ക്കായി ഭൂമി അനുവദിക്കുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 08.11.2021 -ൽ കൂടിയ യോഗ തീരുമാനപ്രകാരം നിർദ്ദിഷ്ട ഭൂമിയിലെ കൈയ്യേറ്റം ഒഴികെ ബാക്കിയുള്ള 44.03 ആർ സ്ഥലത്ത് ടൂറിസം പദ്ധതിക്ക് ഉപയോഗാനുമതി നൽകുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ